"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 85 പ്രീമെട്രിക് ഹോസ്റ്റലുകളിൽ 2024-25 അദ്ധ്യയനവർഷത്തിൽ മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.818/2024/SCSTD തീയതി,തിരുവനന്തപുരം, 19-09-2024

പരാമർശം:-
1. സ.ഉ(പി)നം.28/2016/ധന തീയതി 26.02.2016
2. സ.ഉ(പി)നം.56/2017/ധന തീയതി 28.04.2017
3. സ.ഉ(പി)നം.112/2018/ധന തീയതി 21.07.2018
4. സ.ഉ(പി)നം.81/2019/ധന തീയതി 09.07.2019
5. സ.ഉ(പി)നം.29/2021/ധന തീയതി 11.02.2021
6. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04/05/2024 തീയതിയിലെ SCDD/2073/2024-C3 (EDN C) നമ്പർ കത്ത്.

**ഉത്തരവ്**

2024-2025 അദ്ധ്യയന വർഷത്തിൽ, പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള 85 പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ രാത്രികാല പഠന മേൽനോട്ട ചുമതലകൾക്കായി ബിരുദവും, ബി.എഡ് യോഗ്യതയുമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും (അവരുടെ അഭാവത്തിൽ പൊതുവിഭാഗത്തിൽ നിന്നുള്ളവരെ പരിഗണിക്കാവുന്നതാണ്.) തെരഞ്ഞെടുക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് 85 മേട്രൻ -കം-റസിഡന്റ് ട്യൂട്ടർമാരെ 2024 ജൂൺ മാസം മുതൽ 2025 മാർച്ച് മാസം വരെയുള്ള 10 മാസ കാലയളവിലേയ്ക്ക് 12,000/- രൂപ പ്രതിമാസ വേതന വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത് നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും അതിനാവശ്യമായി വരുന്ന 1,02,00,000/- രൂപ (ഒരു കോടി രണ്ട് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തികവർഷത്തെ 2225-01-277-57-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകണമെന്നും പരാമർശം (6) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-2025 അദ്ധ്യയന വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 85 പ്രീമെട്രിക് ഹോസ്റ്റലുകളിൽ 2024 ജൂൺ മാസം മുതൽ 2025 മാർച്ച് മാസം വരെയുള്ള 10 മാസ കാലയളവിലേയ്ക്ക് 12,000/- രൂപ പ്രതിമാസനിരക്കിൽ 85 മേട്രൻ-കം-റസിഡന്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിന്റെ താൽകാലിക നിയമനവുമായി ബന്ധപ്പെട്ട പരാമർശം (1) മുതൽ പരാമർശം (5) വരെയുള്ള ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കും, ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മറ്റ് വ്യവസ്ഥകൾക്കും വിധേയമായി, നിയമിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകികൊണ്ടും അതിനാവശ്യമായ 1,02,00,000/-രൂപ (ഒരു കോടി രണ്ട് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (18/7/2024 ലെ WW-WW3/127/2020-FIN പ്രകാരം)
ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ് (29/8/2024 ലെ PLGEA-A2/140/2024-PLGEA പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by H Suni**
**Date: 19-09-2024 13:54:42**

സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.